ഭരണഭാഷ - മാതൃഭാഷ

നം. എസ്.വൈ(2)/59352/2018/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം, തീയതി. 06/05/2019

## പരിപത്രം

വിഷയം: പൊതു വിദ്യാഭ്യാസം- സീനിയോരിറ്റി ലിസ്റ്റുകൾ ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നത് - സംബന്ധിച്ച്

സൂചന: സർക്കാർ ഉത്തരവ് നമ്പർ GO(Rt) No. 2936/2018/G.Edn dt: 01.08.2018

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും കാലാകാലങ്ങളിൽ ജീവനക്കാരുടെ സീനിയോരിറ്റി ലിസ്റ്റ് ചട്ട പ്രകാരമുള്ള നടപടികൾ പൂർത്തിയാക്കി അന്തിമപ്പെടുത്തി പ്രസിദ്ധീകരിച്ചു വരുന്നു. താൽക്കാലിക സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ച് ആയത് പരിശോധിക്കാൻ ആവശ്യമായ സമയം നൽകിയതിന് ശേഷമാണ് സീനിയോരിറ്റി ലിസ്റ്റ് അന്തിമപ്പെടുത്തി പ്രസിദ്ധീകരിക്കുന്നത്. എങ്കിലും വർഷങ്ങൾക്ക് ശേഷവും സീനിയോരിറ്റി ലിസ്റ്റിൽ പേര് ഉൾപ്പെട്ടിട്ടില്ലെന്ന പരാതി ഈ കാര്യാലയത്തിൽ ലഭിച്ചു കൊണ്ടിരിക്കുന്നു. അന്തിമപ്പെടുത്തി പ്രസിദ്ധീകരിച്ച് ഒരു സീനിയോരിറ്റി പട്ടികയിൽ വർഷങ്ങൾക്ക് ശേഷം കൂട്ടിച്ചേർക്കലടക്കമുള്ള ഭേദഗതികൾ വരുത്തുന്നത് ഉചിതമായ നടപടിയല്ലെന്ന് സർക്കാർ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ നാളിതുവരെ ഈ കാര്യാലയത്തിലെ **സീനിയോരിറ്റി വിഭാഗത്തിൽ** നിന്നും പ്രസിദ്ധീകരിച്ച സീനിയോരിറ്റി ലിസ്റ്റുകളിൽ പേര് ഉൾപ്പെട്ടിട്ടില്ലാത്ത ഏതെങ്കിലും ജീവനക്കാർ ഇനിയും ശേഷിക്കുന്നുണ്ടെങ്കിൽ ടി ജീവനക്കാർക്ക് ഒരു അവസരം കൂടി മാത്രം നൽകുവാൻ തീരുമാനിച്ചിരിക്കുന്നു. ഇതിനുവേണ്ടി ബന്ധപ്പെട്ട സീനിയോരിറ്റി ലിസ്റ്റിൽ പേര് ഉൾപ്പെടുത്തുന്നതിലേക്കായി സർവ്വീസ് കാർഡുകൾ വകുപ്പ് മേധാവി മുഖാന്തരം, കാലതാമസത്തിനുള്ള വിശദീകരണം സഹിതം **30.06.2019** തീയതിക്കകം ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. സമയപരിധികഴിഞ്ഞ് ലഭിക്കുന്ന അപേക്ഷകൾ ഒരു കാരണവശാലും പരിഗണക്കുന്നതല്ല.

കൂടാതെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും ഇനി മുതൽ അന്തിമപ്പെടുത്തി പ്രസിദ്ധീകരിക്കുന്ന മുഴുവൻ സീനിയോരിറ്റി ലിസ്റ്റുകളും സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. KS&SSR, Part II, Rule 27 B പ്രകാരം ഗസറ്റിൽ അന്തിമപ്പെടുത്തി പ്രസിദ്ധീകരിക്കുന്ന സീനിയോരിറ്റി ലിസ്റ്റുകളിൽ ഏതെങ്കിലും രീതിയിലുള്ള മാറ്റം വരുത്തുന്നതിന് സർക്കാരിന് മാത്രമേ അധികാരമുള്ളൂ. ഈ രീതിയിൽ മാറ്റം വരുത്തുന്നതിനുള്ള അപേക്ഷ ലിസ്റ്റ് പ്രസിദ്ധീകരിച്ച് 6 മാസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്. ഈ സാഹചര്യത്തിൽ ഈ കാര്യാലയത്തിൽ നിന്നും അന്തിമപ്പെടുത്തി ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന സീനിയോരിറ്റി ലിസ്റ്റുകളിൽ കൂട്ടിച്ചേർക്കൽ അടക്കമുള്ള യാതൊരു ഭേദഗതികളും ഈ കാര്യാലയത്തിൽ നടത്തുന്നതല്ല എന്നറിയിക്കുന്നു.

ഈ വിവരം എല്ലാ കാര്യാലയത്തിലും/സ്കൂളുകളിലും നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചു മുഴുവൻ ജീവനക്കാർക്കും വിവരം നൽകേണ്ടതാണ്. സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനായി സർവ്വീസ് കാർഡുകൾ ക്ഷണിക്കുമ്പോൾ ആയത് സമയബന്ധിതമായി ഈ കാര്യാലയത്തിൽ എത്തിക്കുന്നതിലും താൽക്കാലിക സീനിയോരിറ്റി പ്രസിദ്ധീകരിച്ചു കഴിഞ്ഞാൽ ആയത് മുഴുവൻ ജീവനക്കാരും പരിശോധിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിലും ഏതെങ്കിലും രീതിയിലുള്ള മാറ്റങ്ങൾ ആവശ്യമുണ്ടെങ്കിൽ ആയത് സമയബന്ധിതമായി ഈ കാര്യാലയത്തിൽ അറിയിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിലും തികഞ്ഞ ജാഗ്രത പാലിക്കേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

ജെസ്സി ജോസഫ്
പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)
പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം 14

സ്വീകർത്താവ്:

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർക്കും
പ്രിൻസിപ്പൽ ആർ.ഐ.എൽ.ടി
ഡയറക്ടർ, എസ് സി ഇ ആർ ടി, തിരുവനന്തപുരം
ജോയിന്റ് കമ്മീഷണർ, പരീക്ഷാ ഭവൻ, തിരുവനന്തപുരം
സൂപ്രണ്ട്, സി സെക്ഷൻ
ടെക്സ്റ്റ്ബുക്ക് ഓഫീസർ, തിരുവനന്തപുരം
വെബ്സൈറ്റ്
സ്റ്റോക്ക് ഫയൽ